2025FEBRUARY
06
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യയിലേക്കുള്ള റഷ്യൻ എണ്ണ ഇറക്കുമതിക്ക് ജനുവരിയിൽ കുതിപ്പ്

**ഡിസംബറിൽ പ്രതിദിനം 1.48 മില്യൻ ബാരൽ വീതം റഷ്യൻ എണ്ണ വാങ്ങിയ ഇന്ത്യ, ജനുവരിയിൽ അത് 13% ഉയർത്തി പ്രതിദിനം 1.67 മില്യൻ ബാരലാക്കി**

**മുംബൈ:** ഇന്ത്യയിലേക്കുള്ള റഷ്യൻ എണ്ണയുടെ ഇറക്കുമതി ജനുവരിയിൽ 13% ഉയർന്നെന്ന് വിപണി നിരീക്ഷകരായ കെപ്ലറിന്റെ റിപ്പോർട്ട്. യുക്രെയ്ൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ റഷ്യൻ ക്രൂഡ് ഓയിലിനുമേൽ യുഎസ് കൂടുതൽ ഉപരോധം ഏർപ്പെടുത്തിയത് ഇന്ത്യയിലേക്കുള്ള വിതരണത്തെ ബാധിച്ചേക്കുമെന്ന് കരുതപ്പെട്ടിരുന്നു. ക്രൂഡ് വിൽപന വഴി റഷ്യ നേരിടുന്ന വരുമാനം കുറയ്ക്കാനായി ജനുവരി രണ്ടാംവാരമാണ് കൂടുതൽ ഉപരോധം പ്രഖ്യാപിച്ചത്.

ഡിസംബറിൽ പ്രതിദിനം 1.48 മില്യൻ ബാരൽ വീതം റഷ്യൻ എണ്ണ വാങ്ങിയ ഇന്ത്യ, ജനുവരിയിൽ അത് 13% ഉയർത്തി പ്രതിദിനം 1.67 മില്യൻ ബാരലാക്കിയെന്ന് റിപ്പോർട്ട് വ്യക്തമാക്കി. ഇന്ത്യയിലേക്കുള്ള മൊത്തം ക്രൂഡ് ഇറക്കുമതിയിൽ റഷ്യയുടെ വിഹിതം 40 ശതമാനത്തിൽ നിന്ന് 30 ശതമാനത്തിലേക്ക് താഴ്ന്നിട്ടുണ്ട്. എങ്കിലും, ഇന്ത്യയുടെ ഏറ്റവും വലിയ ക്രൂഡ് ഓയിൽ വിതരണക്കാരാണ് ഇപ്പോഴും റഷ്യ. യുക്രെയ്ൻറഷ്യ യുദ്ധത്തിന് മുമ്പ്, വെറും 0.2 ശതമാനമായിരുന്നു വിഹിതം.

അതേസമയം, യുഎസ് ഉപരോധത്തിന്റെ പശ്ചാത്തലത്തിൽ റഷ്യൻ എണ്ണയെ ആശ്രയിക്കുന്നത് കുറയ്ക്കാനുള്ള നിലപാടിലേക്ക് ഇന്ത്യ മാറിയിട്ടുണ്ട്. റഷ്യൻ എണ്ണ ടാങ്കറുകൾക്കുമേലും ഉപരോധമുണ്ടെന്നത് പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് തടസ്സമാണ്. ഇതുമൂലം പൊതുമേഖലാ എണ്ണക്കമ്പനികളായ ഇന്ത്യൻ




ഓയിൽ, ബിപിസിഎൽ, എച്ച്പിസിഎൽ എന്നിവ വരുംമാസങ്ങളിൽ റഷ്യൻ എണ്ണ വാങ്ങുന്നത് കുറച്ചേക്കും. ടാങ്കർക്ഷാമം ക്രൂഡ് വിതരണത്തിൽ തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. ചരക്കുനീക്ക ഫീസ് വർധിക്കാനും സാധ്യതയുള്ളതാണ് ഇന്ത്യൻ കമ്പനികളുടെ ഈ നിലപാടിന് കാരണം.

റഷ്യൻ എണ്ണയ്ക്ക് പൊതു വിപണിയിലെ ക്രൂഡ് വിലയേക്കാൾ മികച്ച ഡിസ്കൗണ്ട് ഇന്ത്യക്ക് കിട്ടുന്നുണ്ട്. എന്നാലും, യുഎസ് ഉപരോധം മൂലം പണമിടപാടുകൾ, ഇൻഷുറൻസ്, ടാങ്കർ ലഭ്യത എന്നിവയ്ക്ക് തടസ്സമുണ്ടാകുമെന്ന ആശങ്കയും കമ്പനികളുടെ ഈ നിലപാടിന് പിന്നിലുണ്ട്.

സൗദി അറേബ്യ, യുഎസ്, കുവൈറ്റ്, ബ്രസീൽ എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതി വർധിപ്പിക്കാനാണ് ഇന്ത്യയുടെ നീക്കം. ജനുവരിയിൽ സൗദിയിൽ നിന്നുള്ള ഇറക്കുമതി 12% ഉയർന്നിരുന്നു. യുഎസിൽ നിന്നുള്ളത് കൂടിയത് 322 ശതമാനം. ഇറാക്കിൽ നിന്നുള്ള ഇറക്കുമതി 8% കുറയുകയും ചെയ്തു.

# ട്രംപ്–മോദി കൂടിക്കാഴ്ച: ലക്ഷ്യം മിനി വാണിജ്യ കരാർ; കേരളത്തിനും പ്രയോജനം



**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്ര മോദി 13ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി നടത്തുന്ന കൂടിക്കാഴ്ച പരിമിതമായ തോതിൽ വാണിജ്യ കരാറിലേക്കു നയിച്ചാൽ പ്രയോജനം കേരളത്തിനും. നിലവിൽ യുഎസ് വിപണി പിടിക്കുന്ന സുഗന്ധസത്തുകൾക്കും പാക്കേജ്ഡ് ഭക്ഷണത്തിനും സമുദ്രോൽപന്നങ്ങൾക്കുമെല്ലാം അധിക ഇറക്കുമതി ചുങ്കത്തിന്റെ ഭീഷണി ഒഴിവാകുകയും ചെയ്യും.


ഒത്തുതീർപ്പിന്റെ തുടക്കമായി ഇക്കുറി ബജറ്റിൽ ഇരുചക്രവാഹനങ്ങൾക്കും തുണിത്തരങ്ങൾക്കും ഉൾപ്പെടെ 7 ചുങ്കങ്ങൾ വെട്ടിക്കുറയ്ക്കുകയും, കാൻസർ മരുന്നുകൾക്ക് ചുങ്കം പൂജ്യമാക്കുകയും ചെയ്തു.

ചൈനയുടെ സുഗന്ധസത്ത് (ഓലിയോ റെസിൻസ്) ഇറക്കുമതിക്ക് അമേരിക്ക 10% ചുങ്കം ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നു കയറ്റുമതി ചെയ്യുന്ന ഇവയ്ക്ക് അതിനാൽ ചൈനയിൽ നിന്നു മത്സരമില്ല. സമുദ്രോൽപന്നങ്ങൾക്ക് 5.5% കൗണ്ടർവെയ്‌ലിങ് ഡ്യൂട്ടിയും 3.8% ആന്റി ഡംപിങ് ഡ്യൂട്ടിയും ഉൾപ്പെടെ 9 ശതമാനത്തിലേറെയുണ്ട്.കേരളത്തിൽ നിന്നു പച്ചക്കറികളും പഴങ്ങളും മാംസവും ഭക്ഷ്യവിഭവങ്ങളും കയറ്റുമതി ചെയ്യുന്നുമുണ്ട്. റെഡി ടു ഈറ്റ് വിഭവങ്ങളും യുഎസ് വിപണിയിൽ വാങ്ങുന്നുണ്ട്. നിലവിൽ ഇവയുടെ വിതരണത്തിനായി ജോലി ചെയ്തിരുന്ന മെക്സിക്കോ വംശജർ കൂട്ടത്തോടെ അമേരിക്ക വിട്ടു പോകുന്ന സ്ഥിതിയാണ്. പകരം അമേരിക്കൻ പൗരൻമാരെ എടുക്കുമ്പോൾ വിതരണച്ചെലവും അതുവഴി അവിടെ വിലയും വർധിക്കും.

ഇന്ത്യയെ താരിഫ് രാജാവ് എന്ന് 2019ൽ വിശേഷിപ്പിച്ച ട്രംപ് താരിഫുകളിലെ പ്രത്യേക പരിഗണന റദ്ദാക്കിയിരുന്നു. ഏകദേശം അരലക്ഷം കോടിയുടെ കയറ്റുമതിയെ അതു ബാധിച്ചു. ഇന്ത്യയിൽ നിന്നുള്ള മരുന്നുകളും തുണിത്തരങ്ങളും കാർഷോകോൽപന്നങ്ങളും വാഹന പാർട്ടുകളുമെല്ലാം അതിലുൾപ്പെടും. വാണിജ്യ ചർച്ചകൾ അതിനു ശേഷം തുടർന്നെങ്കിലും ഒത്തുതീർപ്പിൽ എത്താൻ കഴിഞ്ഞിട്ടില്ല.

യുഎസിലേക്ക് ഇന്ത്യ 7750 കോടി ഡോളറിന്റെ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുമ്പോൾ അവിടെ നിന്ന് ഇറക്കുമതി 4070 കോടി ഡോളറിന്റേതു മാത്രമാണ്. ഈ വാണിജ്യ ശിഷ്ടം (ട്രേഡ് സർപ്ലസ്) കുറച്ചുകൊണ്ടു വരുന്നതും ട്രംപിന്റെ ലക്ഷ്യമാണ്.

# റെക്കോഡ് തകർച്ചയിൽ രൂപ: ഡോളറിനെതിരെ 87.35 ആയി



**മുംബൈ:** രൂപയുടെ മൂല്യം വീണ്ടും റെക്കോഡ് താഴ്ചയിൽ. റിസർവ് ബാങ്ക് നിരക്ക് കുറച്ചേക്കുമെന്ന വിലയിരുത്തലാണ് രൂപയെ ബാധിച്ചത്. ഇറക്കുമതിക്കാരിൽനിന്ന് ഡോളറിന് ഡിമാൻഡ് കൂടിയതും തിരിച്ചടിയായി.

രൂപയുടെ മൂല്യത്തിൽ ബുധനാഴ്ച 0.3ശതമാനമാണ് ഇടിവ് നേരിട്ടത്. ഇതോടെ മൂല്യം 87.35ലേയ്ക്ക് താഴ്ന്നു. തിങ്കളാഴ്ചയിലെ 87.28 നിലവാരമായിരുന്നു ഇതുവരെയുള്ള ഏറ്റവും കുറഞ്ഞ മൂല്യം.

ഡോളർ സൂചിക 0.3 ശതമാനം ഇടിഞ്ഞ് 107.7ലെത്തിയതിന്റെ നേട്ടം മിക്കവാറും ഏഷ്യൻ കറൻസികൾക്ക് നേട്ടമായെങ്കിലും രൂപയ്ക്ക് തിരിച്ചടിയായി. അഞ്ച് വർഷത്തിനിടെ ഇതാദ്യമായാണ് ആർബിഐ നിരക്ക് കുറക്കാനുള്ള സാധ്യത തെളിയുന്നത്.

വിദേശ പോർട്ഫോളിയോ നിക്ഷേപകർ തുടർച്ചയായി ഓഹരികൾ വിറ്റൊഴിയുന്നതും രൂപയ്ക്ക് സമ്മർദമായി. 2025ൽ ഇതുവരെ 70,000 കോടി രൂപയുടെ ഓഹരികളും കടപ്പത്രങ്ങളുമാണ് വിറ്റൊഴിഞ്ഞത്.



# ഡൗൺ സിൻഡ്രോം ദേശീയ ഗെയിംസ് 8, 9 തിയതികളിൽ കൊച്ചിയിൽ

**കൊച്ചി:** ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ (ഡിഎസ്എഫ്ഐ), ദി ഡൗൺ സിൻഡ്രോം ട്രസ്റ്റ് (ദോസ്ത്), സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് കേരള ഘടകം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഡൗൺ സിൻഡ്രോം അവസ്ഥയിലുള്ള എട്ട് വയസിനു മുകളിൽ പ്രായമുള്ള കുട്ടികൾക്കും മുതിർന്നവർക്കുമായി സംഘടിപ്പിക്കുന്ന മൂന്നാമത് ഡൗൺ സിൻഡ്രോം ദേശീയ ഗെയിംസ് ഫെബ്രുവരി എട്ട്, ഒമ്പത് (ശനി, ഞായർ) തീയതികളിൽ എറണാകുളം രീജ്യണൽ സ്പോർട്സ് സെന്ററിൽ നടക്കും. അത്‌ലറ്റിക്സ്, ഷോട്ട് പുട്ട്, സോഫ്റ്റ്ബോൾ ത്രോ, റോളർ സ്കേറ്റിംഗ്, നീന്തൽ, ബാഡ്മിന്റൺ എന്നീ ഇനങ്ങളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 200 ലധികം പേർ പങ്കെടുക്കും. മൽസരങ്ങളിൽ വിജയികളാകുന്നവർക്ക് സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ സമ്മാനിക്കും. എട്ടിന് രാവിലെ ഒമ്പതിന് കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ ഗെയിംസ് ഉദ്ഘാടനം ചെയ്യും. ഡൗൺ സിൻഡ്രോം ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ്

ഡോ. സുരേഖ രാമചന്ദ്രൻ മുഖ്യ അതിഥിയായിരിക്കും. ഡൗൺ സിൻഡ്രോം ട്രസ്റ്റ് ചെയർമാനും ദോസ്ത് സപ്പോർട്ട് ഗ്രൂപ്പ് കേരള പ്രസിഡന്റുമായ ഡോ.ഷാജി തോമസ് ജോൺ അധ്യക്ഷത വഹിക്കും.

സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് കേരള ഘടകം പ്രസിഡന്റ് ഡോ. എം. കെ. ജയരാജ്, സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് രീജ്യണൽ ഡയറക്ടർ ഫാ. റോയ് കണ്ണഞ്ചിറ, സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് പ്രോഗ്രാം മാനേജർ സിസ്റ്റർ. റാണി ജോ, ദോസ്ത് സപ്പോർട്ട് ഗ്രൂപ്പ് കേരള സെക്രട്ടറി നസ്രീൻ അഗ്ഫ തുടങ്ങിയവർ പങ്കെടുക്കും. ഒമ്പതിന് ഉച്ചയ്ക്ക് ഒരു മണിയോടെ ഗെയിംസ് സമാപിക്കും. 2023ൽ ഹൈദരാബാദിലും 2024ൽ ഗുരുഗ്രാമിലും വിജയകരമായി നടന്ന ഗെയിംസിന് പിന്നാലെയാണ് 2025 ൽ കൊച്ചി വേദിയാകുന്നതെന്നും കൊച്ചിയിൽ സംഘടിപ്പിക്കപ്പെടുന്ന ഈ കായിക മാമാങ്കത്തിന് വലിയ പ്രതികരണമാണ് ലഭിച്ചിരിക്കുന്നതെന്നും ഡൗൺ സിൻഡ്രോം ട്രസ്റ്റ് ചെയർമാനും ദോസ്ത് സപ്പോർട്ട് ഗ്രൂപ്പ് കേരള പ്രസിഡന്റുമായ ഡോ.ഷാജി തോമസ് ജോൺ പറഞ്ഞു.

# ലോക ബാങ്ക് സഹായത്തോടെ ആരോഗ്യ മേഖലയിൽ വൻ വികസനം: കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന് കീഴിൽ ലോകബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് ലോക ബാങ്കിൽ നിന്നും 2424.28 കോടി രൂപ (280 ദശലക്ഷം ഡോളർ) വായ്പ എടുക്കുന്നതിന് മന്ത്രിസഭാ യോഗം അനുമതി നൽകി. ജ ഉ്യ ഞ (പ്രോഗ്രാം ഫോർ റിസൽട്ട്സ്) മാതൃകയിൽ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് മന്ത്രിസഭാ യോഗം അംഗീകാരം നൽകിയത്.

ആരോഗ്യ രംഗത്ത് വലിയ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആവിഷ്‌ക്കരിച്ചതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഉയർന്ന ജീവിത നിലവാരം, ആയുർദൈർഘ്യം എന്നിവ ഉറപ്പ് വരുത്തുന്നതിനും, തടയാവുന്ന രോഗങ്ങൾ, അപകടങ്ങൾ, അകാല മരണം എന്നിവയിൽ നിന്ന് മുക്തമായ ജീവിതം കെട്ടിപ്പെടുക്കുന്നതിനും ജനങ്ങളെ സഹായിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിലെ എല്ലാ ഇടപെടലുകളും പാവപ്പെട്ടവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതു മായിരിക്കും. കേരളത്തിലെ മാറിവരുന്ന ജനസംഖ്യാ ശാസ്ത്രപരവും പകർച്ചാവ്യാധിപരവുമായ അവസ്ഥകളെ അഭിസംബോധന ചെയ്തുകൊണ്ട് മൂല്യാധിഷ്ഠിത ആരോഗ്യ സംരക്ഷണം നൽകുന്നതിന് പ്രതിരോധശേഷിയുള്ള ആരോഗ്യ സംവിധാനങ്ങൾ രൂപപ്പെടുത്താനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ ഉയർന്നുവരുന്ന ഭീഷണികളോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും കേരളത്തിലെ ആരോഗ്യ വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ പദ്ധതി സഹായിക്കും. പകർച്ചേതര വ്യാധികൾ തടയുന്നതിനായി സമഗ്രമായ ഒരു ആവാസ വ്യവസ്ഥ വികസിപ്പിക്കുക, സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച മെച്ചപ്പെട്ട സമീപനങ്ങളിലൂടെയും ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികളെ ചെറുക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുക, ആംബുലൻസും ട്രോമ രജിസ്ട്രിയും ഉൾപ്പെടെ 24x7 അടിയന്തര പരിചരണ സൗകര്യങ്ങളുടെ കാര്യക്ഷമമായ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് എമർജൻസി, ട്രോമ കെയർ സേവനങ്ങൾ ശക്തിപ്പെടുത്തുക, കൂടാതെ വയോജന സേവനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൂടി ഇടപെടൽ മുഖേന, നിലനിൽക്കുന്ന വെല്ലുവിളികളും ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ പുനരാവിഷ്കരിക്കുക, മനുഷ്യവിഭവശേഷി ശക്തിപ്പെടുത്തുക, വിഭവശേഷി വർദ്ധിപ്പിക്കുക, ഡിജിറ്റൽ ഹെൽത്ത് ആപ്ലിക്കേഷനുകൾ സാർവ്വത്രികമാക്കുകയും ആരോഗ്യത്തിനായി പൊതു ധനസഹായം വർധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

കേരള സംസ്ഥാനം പൊതുജനാരോഗ്യത്തിൽ, പ്രത്യേകിച്ച് മാതൃശിശു ആരോഗ്യത്തിൽ 2030 ലേക്കുള്ള സുസ്ഥിര സ്ഥിര വികസന ലക്ഷ്യങ്ങളെ മറികടന്ന് ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്.

എന്നിരുന്നാലും പുതിയ ആരോഗ്യ വെല്ലുവിളികളും പൊതുജനാരോഗ്യ മേഖലയിലെ ഫണ്ടിംഗിന്റെ അപര്യാപ്തതയും അനാരോഗ്യകരമായ ജീവിതശൈലി മൂലമുള്ള സാംക്രമികേതര രോഗങ്ങളുടെ വർദ്ധനവുമെല്ലാം കേരളത്തിന് അമിത ഭാരം സൃഷ്ടിക്കുന്നു. ആർദ്രം, ആരോഗ്യ ജാഗ്രത, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി തുടങ്ങിയ സംരംഭങ്ങൾ ഈ വെല്ലുവിളികളെ പരിഹരിക്കാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും, ആരോഗ്യ സംരക്ഷണ രംഗത്തെ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായാണ് ഒരു പുതിയ സേവന വിതരണ മാതൃക സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നത്.

# മ്യൂസിയങ്ങൾ അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തും: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്തെ മ്യൂസിയങ്ങൾ സാംസ്കാരിക വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന സചേതനമായ കഥ പറയുന്ന മ്യൂസിയങ്ങളാക്കി അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കേരളം മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന മ്യൂസിയം മാനേജ്മെന്റ് ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പൈതൃകത്തിന്റെയും നാടിന്റെ സമ്പന്നമായ സാംസ്കാരത്തിന്റെയും അടയാളങ്ങളാണ് മ്യൂസിയങ്ങൾ. നമ്മുടെ മഹത്തായ സാംസ്കാരിക പാരമ്പര്യവും മഹിതമായ ചരിത്രവും വരും തലമുറയ്ക്ക് കൈമാറുകയെന്ന ദൗത്യമാണ് മ്യൂസിയങ്ങളിലൂടെ നിർവഹിക്കപ്പെടുന്നത്. മ്യൂസിയങ്ങളുടെ പരിപാലനം പ്രധാനപ്പെട്ടതാണ്. സന്ദർശകർക്ക് മ്യൂസിയം ഉൾക്കൊള്ളുന്ന ചരിത്രകഥയും അനുഭൂതികളും പകർന്നു നൽകാനാകണം. കഴിഞ്ഞ 8 വർഷങ്ങളായി പ്രാദേശിക ചരിത്രമ്യൂസിയങ്ങൾ മുതൽ സംസ്ഥാന മ്യൂസിയം വരെ മ്യൂസിയങ്ങളുടെ വലിയ ശൃംഖല തന്നെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

കേരള സർക്കാരിന്റെ മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം സംസ്ഥാനത്ത് മ്യൂസിയങ്ങൾ രൂപീകരിക്കുന്നതിലും അവയെ ജനാകർഷകവും സന്ദർശക സൗഹൃദവുമാക്കുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആധുനിക മ്യൂസിയം സങ്കല്പങ്ങൾ പരിവർത്തനങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. കഥ പറയുന്ന മ്യൂസിയങ്ങൾ ഒരു ദേശത്തിന്റെ ജനതയുടെ വൈവിധ്യവും വൈശിഷ്ട്യങ്ങളുമായ ഭൂതകാല ചരിത്രത്തെ അനാവരണം ചെയ്യുന്ന ദൗത്യമാണ് നിർവഹിക്കുന്നത്. സാംസ്കാരിക മുന്നേറ്റത്തിന്റെ ഗതിവേഗം അടയാളപ്പെടുത്തുവാനും അമൂല്യമായ പുരാവസ്തു ശേഖരങ്ങൾ പ്രദർശിപ്പിക്കുക വഴി ചരിത്രവസ്തുതകളെ തിരിച്ചറിയുവാനും മ്യൂസിയങ്ങളിലൂടെ സാധിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന് അഭിമാനിക്കാവുന്ന രീതിയിൽ 1880ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച നേപ്പിയർ മ്യൂസിയത്തിൽ അമൂല്യമായ വസ്തുക്കൾ വിഭിന്നങ്ങളായ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും കാലക്രമത്തിനനുസൃതമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

# സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അപേക്ഷ ക്ഷണിച്ചു

**ആലപ്പുഴ:** സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് താല്പര്യമുള്ളവരിൽ നിന്നും ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം അപേക്ഷ ക്ഷണിച്ചു. അഞ്ച് ഏക്കറിനും 10 ഏക്കറിനും ഇടയിലുള്ള ഭൂമിയിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും 10 ഏക്കറിനും 15 ഏക്കറിനും ഇടയിലുള്ള ഭൂമിയിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റും ആരംഭിക്കാവുന്നതാണ്. വ്യവസായ എസ്റ്റേറ്റിൽ പൊതുസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് മൂന്നു കോടി രൂപ വരെ സർക്കാർ ധനസഹായം ലഭിക്കുന്നതാണ്. കേരള ഇൻഡസ്ട്രിയൽ ഏകജാലക ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് ആക്ട് 1999 എന്നിവയുമായി യോജിപ്പിച്ചു ഏകജാലക ക്ലിയറൻസ് ബോർഡിന്റെ അധികാര പരിധിയിലായിരിക്കും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പ്രവർത്തിക്കുക. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് തുടങ്ങാൻ ഉദ്ദേശിക്കുന്ന ഭൂമി പരിസ്ഥിതി ലോല പ്രദേശങ്ങൾ, തീരദേശ നിയന്ത്രണ മേഖലകൾ നെൽപ്പാടങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയിൽ പെടാത്തതാവണം.

അപേക്ഷകൾ ഫെബ്രുവരി 15 ന് മുമ്പായി www.industry.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന നൽകാം. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രവുമായോ (04772241272, 9188127004) താലൂക്ക് വ്യവസായ ഓഫീസുകളുമായോ ബന്ധപ്പെടാം.

# കയർ ഭൂവസ്ത്ര വിതാനം സെമിനാർ സംഘടിപ്പിച്ചു

**ആലപ്പുഴ:** പരമ്പരാഗത വ്യവസായമായ കയറിന് ആഭ്യന്തര വിപണി കണ്ടെത്തുന്നതിനായി കയർ വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന കയർ ഭൂവസ്ത്ര വിതാനത്തെക്കുറിച്ച് കായംകുളം കയർ പ്രോജക്ട് ഓഫീസിന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ചെങ്ങന്നൂർ, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിലെ തദ്ദേശസ്ഥാപന പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തു. കായംകുളം മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന സെമിനാർ എംഎൽഎ യു. പ്രതിഭ ഉദ്ഘാടനം ചെയ്തു. കായംകുളം നഗരസഭ ചെയർപേഴ്സൺ പി.ശശികല അധ്യക്ഷത വഹിച്ചു. മുതുകുളം, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബുജാക്ഷി , മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇന്ദിരാദാസ്, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രജനി എന്നിവർ സംസാരിച്ചു. തൊഴിലുറപ്പ് ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ പ്രദീപ്കുമാർ, കയർ കോർപ്പറേഷൻ സെയിൽസ് മാനേജർ അരുൺ ചന്ദ്രൻ എന്നിവർ ക്ലാസുകൾ നയിച്ചു. 2023-24 കാലയളവിൽ ഏറ്റവും കൂടുതൽ കയർ ഭൂവസ്ത്രം വിതാനം നടത്തിയ ഗ്രാമപഞ്ചായത്തുകളെയും പ്രോജക്ടിന് പരിധിയിലുള്ള മികച്ച കയർ തൊഴിലാളികളെയും ചടങ്ങിൽ ആദരിച്ചു. കായംകുളം കയർ പ്രോജക്ട് ഓഫീസർ ആർ. റഹ്മത്ത് സ്വാഗതവും അസിസ്റ്റന്റ് രജിസ്ട്രാർ ജി.അനിൽകുമാർ നന്ദിയും പറഞ്ഞു.

# ആരോഗ്യം ആനന്ദം കാൻസർ പ്രതിരോധ കാമ്പയിൻ

**ആലപ്പുഴ:** ആരോഗ്യം ആനന്ദം കാൻസർ പ്രതിരോധ ജനകീയ കാമ്പയിന്റെ ഭാഗമായി ജില്ലയിൽ പരമാവധി സ്ക്രീനിങ് നടത്താൻ തീരുമാനം. കാമ്പയിനുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ മെഡിക്കൽ ഓഫീസിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിലാണ് തീരുമാനം. 30 നും 65 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകളെ അർബുദ പരിശോധനക്ക് വിധേയരാക്കുക, സ്വയം പരിശോധനക്കും പരിപാലനത്തിനും പ്രാപ്തരാക്കുക, രോഗം നേരത്തെ കണ്ടെത്തി ചികിത്സക്ക് വിധേയരാക്കുക, അർബുദ മരണനിരക്ക് കുറക്കുക എന്നതാണ് പരിപാടിയുടെ പ്രഥമ ലക്ഷ്യം.

ഫെബ്രുവരി നാല് മുതൽ മാർച്ച് എട്ട് വരെയുള്ള കാലയളവിൽ പരമാവധി സ്ത്രീകളെ സ്ക്രീനിങ്ങിന് വിധേയമാക്കും. ദരിദ്ര ജനവിഭാഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, തീരദേശമേഖല, തൊഴിലുറപ്പ് പ്രവർത്തകർ, ഹരിതകർമ്മസേന അംഗങ്ങൾ, അസംഘടിത, സംഘടിത മേഖലകളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർ എന്നിങ്ങനെ മുൻഗണനാടിസ്ഥാനത്തിൽ കാമ്പയിന്റെ ഭാഗമായി ഇവർക്കായി സ്ക്രീനിങ് പ്രവർത്തനങ്ങൾ നടപ്പിലാക്കും.

യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജമുന വർഗീസ്, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരായ ഡോ. എസ് ആർ ദിലീപ് കുമാർ, ഡോ അനന്ത് മോഹൻ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. കോശി സി പണിക്കർ എന്നിവർ പങ്കെടുത്തു.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള ജില്ലയിലെ പള്ളുരുത്തി ശിശുവികസന പദ്ധതി കാര്യാലയത്തിലെ 18 അങ്കണവാടികളിലേക്ക് ഫർണിച്ചറുകളും ഉപകരണങ്ങളും വിതരണം ചെയ്യുന്നതിന് ജി എസ് ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 19ന് ഉച്ചയ്ക്ക് 12 വരെ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2237276.

# കൊങ്കൺ റെയിൽവേ–ഇന്ത്യൻ റെയിൽവേ ലയനം: നിലപാടെടുക്കാതെ കേരളം

**തിരുവനന്തപുരം:** കൊങ്കൺ റെയിൽവേ കോർപറേഷനെ ഇന്ത്യൻ റെയിൽവേയിൽ ലയിപ്പിക്കാനുള്ള ശുപാർശ കേന്ദ്രത്തിന്റെ സജീവ പരിഗണനയിൽ. കേരളവും മഹാരാഷ്ട്രയും കൂടി അനുകൂല നിലപാടെടുത്താൽ നടപടികൾ വേഗത്തിലാകും. ഇന്ത്യൻ റെയിൽവേയെ (65.97%) കൂടാതെ മഹാരാഷ്ട്ര (15.57%), കർണാടക (10.62%), കേരളം (4.25%) , ഗോവ (3.59%) സംസ്ഥാനങ്ങൾക്കാണു കൊങ്കൺ റെയിൽവേ കോർപറേഷനിൽ ഓഹരി പങ്കാളിത്തമുള്ളത്. റെയിൽവേ പണം നൽകി ഈ ഓഹരികൾ തിരികെ വാങ്ങാനാണ് സാധ്യത. കൊങ്കൺ റെയിൽവേ കോർപറേഷന്റെ കീഴിലുള്ള പാതയിൽ കഴിഞ്ഞ 25 വർഷമായി കാര്യമായ വികസനമില്ലെന്നും ബജറ്റ് സഹായം പാതയ്ക്കു ലഭിക്കണമെങ്കിൽ പാത ഇന്ത്യൻ റെയിൽവേയുടെ ഭാഗമാക്കണമെന്നും ആവശ്യപ്പെട്ട് കർണാടകയാണ് സമ്മർദം ശക്തമാക്കിയത്. ഗോവയും ഇതിനെ പിന്തുണയ്ക്കുന്നു. ലയനം നടന്നാൽ ടിക്കറ്റ് നിരക്കും ചരക്കു നീക്കത്തിനുള്ള നിരക്കും കുറയുമെന്നതാണ് ഏറ്റവും വലിയ നേട്ടം. കൂടുതൽ ട്രെയിനുകളും ലഭിക്കും. മംഗളൂരു മുതൽ ഗോവ വരെയുള്ള ഭാഗം ദക്ഷിണ, പശ്ചിമ റെയിൽവേയിലും ബാക്കിയുള്ള ഭാഗം മധ്യ റെയിൽവേയിലും ചേർക്കാനാണു സാധ്യത. കൊങ്കൺ കോർപറേഷന് പാത അറ്റകുറ്റപ്പണിക്കു തന്നെ വലിയ തുക ചെലവാകുന്നതിനാൽ വികസന പ്രവർത്തനങ്ങൾക്കു പണമില്ല.

ഇന്ത്യൻ റെയിൽവേയിൽ ലയിപ്പിക്കുന്നതോടെ പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാകും.



# എൽഎഫ് കോളജിന് സ്വയംഭരണ പദവി; പ്രഖ്യാപനം 11 ന്

**ഗുരുവായൂർ:** ഏഴു പതിറ്റാണ്ടായി സ്ത്രീശാക്തീകരണം ഉറപ്പാക്കി മുന്നോട്ടുപോകുന്ന ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളജിന് ഓട്ടോണമസ് പദവി ലഭിച്ചു. പദവിപ്രഖ്യാപനവും കോളജിൻറെ 70 ാം വാർഷികവും 11 ന് ആഘോഷിക്കുമെന്നു കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ഡോ. സി.ജെ. ബിൻസി, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ നിർമൽ മരിയ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

11 ന് ഉച്ചയ്ക്ക് 1.30 നു സ്വയംഭരണപദവിയുടെ പ്രഖ്യാപനം കോയമ്പത്തൂർ കാരുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് പ്രോ വൈസ് ചാൻസലർ ഡോ. ഇ.ജെ. ജെയിംസ് നിർവഹിക്കും. കോളജ് മാനേജർ സിസ്റ്റർ ലിറ്റിൽ മേരി അധ്യക്ഷയാകും. ഷംഷാബാദ് രൂപത ബിഷപ് മാർ പ്രിൻസ് ആൻറണി പാണേങ്ങാടൻ അനുഗ്രഹപ്രഭാഷണം നടത്തും. 70 ാം വാർഷികത്തിൻറെ ഭാഗമായി 70 നിർധനരായ രോഗികൾക്ക് അന്നേദിവസം സൗജന്യ ഡയാലിസിസും നടത്തും.

അധ്യാപകരായ ഡോ. ഹിത പേ ാൾസൺ, ഡോ.പി.ജ. ജസ്റ്റിൻ, കോളജ് ചെയർപേഴ്സൺ റിമ ഫൈസൽ, വൈസ് ചെയർപേഴ്സൺ അഞ്ജലി എസ്. നായർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

1955 ൽ എഫ്സിസി സന്യാസസമൂഹത്തിൻറെ നേതൃത്വത്തിൽ 72 വിദ്യാർഥിനികളുമായി ആരംഭിച്ച ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളജ് ഇപ്പോൾ രണ്ടായിരത്തോളം വിദ്യാർഥികളുമായി ഉന്നതവിദ്യാഭ്യാസരംഗത്തെ മികവിൻറെ സ്ഥാപനമായി നിലകൊള്ളുകയാണ്. ഇന്ത്യയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നാക് അക്രഡിറ്റേഷനിൽ എ പ്ലസ് നേടി ദേശീയതലത്തിൽ മുൻനിരയിലെത്താനും കോളജിനു കഴിഞ്ഞു. മുൻവർഷങ്ങളിൽ എൻഐആർഎഫ് റാങ്കിംഗിലെ 49 ാം സ്ഥാനവും പൊട്ടൻഷ്യൽ ഫോർ എക്സലൻസും നേടിയിരുന്നു. രണ്ട് പിഎച്ച്ഡി ഗവേഷണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കോളജിൽ ഒമ്പതു പിജി പ്രോഗ്രാമുകളും പതിനഞ്ച് യുജി പ്രോഗ്രാമുകളുമുണ്ട്. തൊഴിൽസാധ്യത ഏറെയുള്ള ബിവോക്, മൾട്ടിമീഡിയ യുജി, പിജി പ്രോഗ്രാമുകളും ഇവിടെയുണ്ട്. നാലുവർഷ ഡിഗ്രി പ്രോഗ്രാമിൻറെ ഭാഗമായി ആർട്ടിഫിഷൽ ഇൻറലിജൻസ്, ലൈബ്രറി സയൻസ് ഇൻഫർമേഷൻ, വിഷ്വൽ കമ്യൂണിക്കേഷൻ തുടങ്ങിയ 31 മൈനർ കോഴ്സുകളും 14 മൾട്ടി ഡിസിപ്ലിനറി കോഴ്സുകളും ഏറെ തൊഴിൽസാധ്യതയുള്ള, എഐസിടിഇ അംഗീകാരമുള്ള ബിബിഎ തുടങ്ങിയ കോഴ്സുകളും കോളജിലുണ്ട്. കോളജ് വിദ്യാർഥികൾക്കു മികച്ച സ്ഥാപനങ്ങളിൽ പ്ലേസ്മെൻറും ലഭിക്കുന്നുണ്ട്.

# 12,000 പെൺകുട്ടികൾക്ക് സ്കിപ്പിംഗ് റോപ്പ് നൽകി

**കണ്ണൂർ:** ഉയരാം പറക്കാം പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ സ്കിപ്പിംഗ് റോപ്പ് വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ചട്ടുകപാറ ഗവ ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി നിർവഹിച്ചു. മൂന്ന് ഘട്ടങ്ങളിലായി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള 72 സ്കൂളുകളിലായി 12,000 സ്കിപ്പിംഗ് റോപ്പുകൾ പദ്ധതിയിൽ വിതരണം ചെയ്തു.

സ്കൂളുകളിലെ എട്ട്, ഒൻപത് ക്ലാസുകളിലുള്ള പെൺകുട്ടികളുടെ കായികശേഷി വർധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. കുട്ടികളിൽ ജീവിത ശൈലീ രോഗങ്ങൾ ഉൾപ്പെടെ കണ്ടുവരുന്ന സാഹചര്യത്തിൽ അവരുടെ കായിക ശേഷി വർധിപ്പിക്കുക എന്നത് പ്രധാനമാണ്. കുട്ടികളെ ലഹരി, മൊബൈൽ ഫോണിന്റെ അമിത ഉപയോഗം പോലുള്ള ദുശ്ശീലങ്ങളിൽ നിന്നും പിന്തിരിപ്പിക്കാനും പ്രതിരോധശേഷി വർധിപ്പിക്കാനും ഇത്തരം കായിക പദ്ധതികൾ സഹായകമാകുമെന്നും പ്രസിഡന്റ് പറഞ്ഞു.

വിദ്യാർഥിനികൾ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നും സ്കിപ്പിംഗ് റോപ്പുകൾ ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ആരംഭിച്ച പദ്ധതിയാണിത്. ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി പൂർത്തീകരിച്ചത്. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ അധ്യക്ഷനായി. വിദ്യാഭ്യാസ ഉപ ഡയറക്ടർ ഇൻ ചാർജ് എ.എസ് ബിജേഷ് പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എൻ.വി ശ്രീജിനി, കുറ്റിയാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി റെജി, വാർഡ് മെമ്പർ പി ഷീബ, സ്കൂൾ പ്രിൻസിപ്പൽ എ.വി ജയരാജൻ, പ്രധാനധ്യാപകൻ എം.സി ശശീന്ദ്രൻ, പിടിഎ പ്രസിഡന്റ് കെ പ്രിയേഷ് കുമാർ, മദർ പിടിഎ പ്രസിഡന്റ് ശ്രീലിഷ എന്നിവർ സംസാരിച്ചു.

## കാന്തല്ലൂരിൽ ഇനി സ്ട്രോബറിയുടെ വിളവെടുപ്പ് കാലം

**അടിമാലി:** കാന്തല്ലൂരിൽ എത്തുന്ന വിനോദ സഞ്ചാരികൾക്ക് ഇനി സ്ട്രോബറി മധുരം നുകരാം. മറയൂരിൻറെയും കാന്തല്ലൂരിൻറെയും മനോഹര കാഴ്ച്ചകൾക്കൊപ്പം വിളഞ്ഞുകിടക്കുന്ന ആപ്പിളും സ്ട്രോബറിയും കണ്ട് അവയുടെ മധുരം നുകരാനും സഞ്ചാരികൾക്ക് അവസരമാകും.

പുതിയ സീസണിലേക്കായി മാസങ്ങൾക്ക് മുമ്പ് കർഷകർ സ്ട്രോബറി കൃഷിയിറക്കിയിരുന്നു. ഈ സ്ട്രോബറികളുടെ വിളവെടുപ്പും ആരംഭിച്ചു.തോട്ടങ്ങളിൽനിന്നും പറിച്ചെടുത്ത് അപ്പോൾത്തന്നെ ആവശ്യക്കാർക്ക് സ്ട്രോബറികൾ കൊണ്ടു പോകാം.

600 രൂപയാണ് സ്ട്രോബറിയുടെ വിൽപ്പന വില. തോട്ടങ്ങളിലിറങ്ങി സ്ട്രോബറിയുടെ മധുരം നുകർന്ന് ആവശ്യാനുസരണം കായ്കൾ വാങ്ങിമടങ്ങാനുള്ള അവസരം കാന്തല്ലൂരിലുണ്ട്.സ്ട്രോബറികൾ വാങ്ങാൻ വിനോദസഞ്ചാരികളുടെ തിരക്കനുഭവപ്പെട്ട് തുടങ്ങി.

ഒൻപതു മാസക്കാലം കാന്തല്ലൂരിൽ സ്ട്രോബറി വിളവെടുപ്പ് തുടരും.സ്ട്രോബറിയിൽ നിന്നും ജാമടക്കമുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകരുമുണ്ട്.

വിനോദ സഞ്ചാരവുമായി കോർത്തിണക്കിയാണ് കർഷകരിപ്പോൾ കാന്തല്ലൂരിൽ സ്ട്രോബറി കൃഷി ചെയ്തു വരുന്നത്.

## വൈപ്പിനിൽ നിന്ന് 10 കെഎസ്ആർടിസി ബസുകൾ കൂടി നഗരത്തിലേക്ക്

**കൊച്ചി:** വൈപ്പിനിൽ നിന്ന് നഗരത്തിൽ പ്രവേശിക്കാൻ 10 കെഎസ്ആർടിസി ബസുകൾ കൂടി എത്തുന്നു. ബസിൻറെ റൂട്ട്, ഷെഡ്യൂൾ, എന്നിവ സംബന്ധിച്ച് ഒരാഴ്ചക്കകം തീരുമാനമാകും. ഈ മാസം അവസാനത്തോടെ ബസുകൾ സർവീസ് ആരംഭിക്കും. ഇന്നലെ മന്ത്രി കെ.ബി. ഗണേശ് കുമാറിൻറെ നേതൃത്വത്തിൽ വൈപ്പിൻ എംഎൽഎ കെ.എൻ. ഉണ്ണികൃഷ്ണനും ഗതാഗത വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് നടത്തിയ യോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനം. ഇതിന് പുറമേ 30 സ്വകാര്യ ബസുകളും സർവീസിനായി അപേക്ഷ നൽകിയിട്ടുണ്ട്.

ബസ് ഹാജരാക്കുന്ന മുറയ്ക്ക് സർവീസ് നടത്തുന്നതിന് പെർമിറ്റ് നൽകുമെന്ന് എംഎൽഎ പറഞ്ഞു. പെർമിറ്റ് വിൽക്കാതിരിക്കുന്നതിനാണ് ബസ് ഹാജരാക്കാൻ നിർദേശിച്ചിട്ടുള്ളത്. വൈപ്പിനിൽ നിന്നുള്ള ബസുകൾക്ക് നഗര പ്രവേശനം അനുവദിക്കണമെന്ന ആവശ്യവും പ്രതിഷേധവും ശക്തമായതിന് പിന്നാലെ മന്ത്രിതലത്തിലടക്കം നടന്ന ചർച്ചകളുടെ ഫലമായി ജനുവരിയിൽ വൈപ്പിനിൽ നിന്ന് ആദ്യ ബസ് നഗരത്തിലേക്ക് പ്രവേശിച്ചിരുന്നു.

നിലവിൽ വൈപ്പിനിൽ നിന്ന് രണ്ടു ബസുകൾ നഗരത്തിലേക്ക് സർവീസ് നടത്തുന്നുണ്ട്. ഒന്ന് ഞാറക്കൽ മഞ്ഞനക്കാടുനിന്ന് ആരംഭിച്ച് വൈപ്പിൻ, കാളമുക്ക്, ഹൈക്കോടതി, എറണാകുളം സൗത്ത് വഴി വൈറ്റില ഹബ്ബിലെത്തുന്നതും മറ്റൊന്ന് എടവനക്കാട്, അണിയിൽ ജംഗ്ഷൻ, എറണാകുളം സൗത്ത്, വൈറ്റില ഹബ്ബ് എന്നിങ്ങ നെസർവീസ് നടത്തുന്നതുമാണ്.

12 ഷെഡ്യൂളുകളാണ് രണ്ട് ബസുകൾക്കും ഉള്ളത്. റൂട്ടിൽ 10 കെഎസ്ആർടിസി ബസുകൾക്കൂടി എത്തുന്നതോടെ പ്രദേശത്ത് പൊതുഗതാഗതത്തെ ആശ്രയിക്കുന്നവർക്ക് ആശ്വാസമാകും.

## സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന് ആവേശത്തുടക്കം

**കണ്ണൂർ:** കേരള ബാഡ്മിന്റൺ (ഷട്ടിൽ) അസോസിയേഷന്റെ നേതൃത്വത്തിൽ ജില്ലാ ബാഡ്മിന്റൺ (ഷട്ടിൽ) അസോസിയേഷൻ സംഘടിപ്പിക്കുന്ന കേരള സംസ്ഥാന അന്തർജില്ലാ ബാഡ്മിന്റൺ (ഷട്ടിൽ) ചാമ്പ്യൻഷിപ്പിന് കക്കാട് ഡ്രീം ബാഡ്മിന്റൺ അറീനയിൽ തുടക്കമായി. ആറ് ദിവസത്തെ ടൂർണമെന്റ് സിറ്റി പോലീസ് കമ്മീഷണർ പി നിധിൻരാജ് ഉദ്ഘാടനം ചെയ്തു. ലക്ഷ്യസ്ഥാനവും അതിലേക്ക് എത്താനുള്ള വഴിയുമാണ് കായികതാരത്തിന് ഏറ്റവും പ്രധാനമെന്ന് കമ്മീഷണർ പറഞ്ഞു. കായികരംഗത്തെ മികച്ച പശ്ചാത്തല സൗകര്യങ്ങളും സാഹചര്യങ്ങളും ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട രീതിയിൽ മുന്നേറാൻ ഓരോ കായികതാരത്തിനും കഴിയട്ടെയെന്നും അദ്ദേഹം ആശംസിച്ചു. ജില്ലാ ബാഡ്മിന്റൺ അസോസിയേഷൻ പ്രസിഡന്റ് അബ്ദുൽ അസീസ് അധ്യക്ഷത വഹിച്ചു.

സബ്ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 14 ജില്ലകളിൽ നിന്നുമുള്ള 420 മത്സരാർഥികളാണ് ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കുന്നത്. ആദ്യമായാണ് സീനിയർ വിഭാഗം ചാമ്പ്യൻഷിപ്പിന് കണ്ണൂർ ആതിഥേയത്വം വഹിക്കുന്നത്. ദേശീയ സ്കൂൾ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിലുൾപ്പെടെ മത്സരിച്ചിട്ടുള്ള കായികതാരങ്ങൾ ടൂർണമെന്റിൽ പങ്കെടുക്കുന്നുണ്ട്. സബ് ജൂനിയർ (അണ്ടർ15) വിഭാഗത്തിന്റെ മത്സരങ്ങളുടെ ഫൈനലുകൾ ഫെബ്രുവരി ആറിന് നടക്കും. ഏഴ്, എട്ട് തിയതികളിൽ ജൂനിയർ (അണ്ടർ 19) വിഭാഗത്തിന്റെ മത്സരങ്ങളും ഒമ്പത്, പത്ത് തീയ്യതികളിൽ സീനിയർ വിഭാഗത്തിന്റെ മത്സരങ്ങളും നടക്കും.

12 അംഗ ടെക്നിക്കൽ ടീം ആണ് മത്സരം നിയന്ത്രിക്കുന്നത്. വിജയികൾക്ക് 1.5 ലക്ഷം രൂപ ക്യാഷ് അവാർഡായി ലഭിക്കും. കുട്ടികളുടെ ഫോർവേഡ് മാർച്ചോടുകൂടിയാണ് പരിപാടി ആരംഭിച്ചത്. കിയാൽ എം.ഡി സി ദിനേഷ് കുമാർ മുഖ്യാതിഥിയായി. പിആർഡി കണ്ണൂർ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഇ.കെ പത്മനാഭൻ, വാക്സ് ക്ലബ്ബ് പ്രസിഡന്റ് കെ. രാംദാസ്, ഓർഗനൈസിംഗ് കമ്മിറ്റി ജനറൽ കൺവീനർ പി.കെ ജഗന്നാഥൻ, കണ്ണൂർ ബാഡ്മിന്റൺ അസോസിയേഷൻ സെക്രട്ടറി കെ.പി പ്രജീഷ് എന്നിവർ സംസാരിച്ചു. പരിപാടിയെ തുടർന്ന് കമ്മീഷണറും കിയാൽ എം.ഡിയും മത്സരാർഥികളുമായുള്ള സൗഹൃദമത്സരം അരങ്ങേറി. ഫെബ്രുവരി പത്തിന് ചാമ്പ്യൻഷിപ്പ് സമാപിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

## ചുമതലയേറ്റു



**കൊച്ചി:** എറണാകുളം, ഇടുക്കി ജില്ലകളും, ലക്ഷദ്വീപും അടങ്ങിയ ബി എസ് എൻ എൽ എറണാകുളം ബിസിനസ് ഏരിയയുടെ പ്രിൻസിപ്പൽ ജനറൽ മാനേജർ ആയി ഡോ. കെ. ഫ്രാൻസിസ് ജേക്കബ് ഐ. ടി. എസ് ചുമതലയേറ്റു.

## മഹീന്ദ്ര മാനുലൈഫ് വാല്യു ഫണ്ട് എൻഎഫ്ഒ ഫെബ്രുവരി ഏഴു മുതൽ

**കൊച്ചി:** വാല്യൂ ഇൻവെസ്റ്റിങ് പിന്തുടരുന്ന ഓപൺ എൻഡഡ് ഇക്വിറ്റി പദ്ധതിയായ മഹീന്ദ്ര മാനുലൈഫ് വാല്യൂ ഫണ്ട് എൻഎഫ്ഒ ഫെബ്രുവരി ഏഴു മുതൽ 21 വരെ നടത്തും.മഹീന്ദ്ര ആന്റ് മഹീന്ദ്ര ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, മാനുലൈഫ് ഇൻവെസ്റ്റ്മന്റ് മാനേജ്മെന്റ് (സിംഗപ്പൂർ) എന്നിവയുടെ സംയുക്ത സംരംഭമായ മഹീന്ദ്ര മാനുലൈഫ് മ്യൂചൽ ഫണ്ടിന്റെ ഈ പദ്ധതി അടിസ്ഥാനപരമായി ശക്തമായതും അതേ സമയം കുറഞ്ഞ രീതിയിൽ മൂല്യ നിർണയമുള്ളതുമായ കമ്പനികളിൽ നിക്ഷേപിച്ചു നേട്ടമുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്.

സുസ്ഥിരമായ സമ്പത്ത് കെട്ടിപ്പടുക്കുന്നതിന് മികച്ചതെന്ന് കാലം തെളിയിച്ച രീതിയാണ് വാല്യൂ ഇൻവെസ്റ്റിങ് എന്ന് മഹീന്ദ്ര മാനുലൈഫ് മ്യൂചൽ ഫണ്ട് മാനേജിങ് ഡയറക്ടറും സിഇഒയുമായ അന്തോണി ഹെറെഡിയ പറഞ്ഞു. വിപണിയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തി ശക്തമായ അടിസ്ഥാന നിക്ഷേപം വളർത്തിയെടുക്കാൻ ഉദ്ദേശിക്കുന്നവർക്ക് മികച്ചതാണ് ഈ പദ്ധതിയെന്നും അദ്ദേഹം പറഞ്ഞു. ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസറായ കൃഷ്ണ സംഘാവിയാണ് ഫണ്ട് മാനേജർ.

## അജാക്സ് എഞ്ചിനീയറിങ് ഐപിഒ ഫെബ്രുവരി 10 മുതൽ

**കൊച്ചി:** അജാക്സ് എഞ്ചിനീയറിങ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഫെബ്രുവരി 10 മുതൽ മുതൽ 12 വരെ നടക്കും. നിലവിലുള്ള നിക്ഷേപകരുടെ 20,180,446 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 599 രൂപ മുതൽ 629 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 23 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 23ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, സിറ്റി ഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെൻറ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ദേശീയ ഹാർട്ട് ഫെയില്യർ സമ്മേളനം

**കൊച്ചി :** ഹാർട്ട് ഫെയിലർ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എച്ച്എഫ്എഐ) 11ാമത് ദേശീയ സമ്മേളനം എച്ച്.എഫ്. എ. ഫെബ്രുവരി 7 മുതൽ 9 വരെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടക്കും.

ഹൃദയത്തിന്റെ പമ്പിങ്ങ് പ്രവർത്തനം തകരാറിലായി സംഭവിക്കുന്ന ഹാർട്ട് ഫെയില്യർ രോഗങ്ങളുടെ നിർണയത്തിലും ചികിത്സയിലുമുള്ള ശാസ്ത്ര പുരോഗതികളും നൂതന രീതികളും ചർച്ച ചെയ്യുന്നതാണ് സമ്മേളനം.

ഹാർട്ട് ഫെയിലർ സൊസൈറ്റി ഓഫ് അമേരിക്ക, യൂറോപ്യൻ സൊസൈറ്റി ഓഫ് ഹാർട്ട് ഫെയിലർ, ഏഷ്യൻ ഹാർട്ട് സൊസൈറ്റി, സൊസൈറ്റി ഫോർ ഹാർട്ട് ഫെയിലർ ആൻഡ് ട്രാൻസ്പ്ലാൻറേഷൻ, ജെസിവിഎ എന്നീ സംഘടനകളുടെ പിന്തുണയോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. വേൾഡ് ഹാർട്ട് ഫെഡറേഷന്റെ നിയുക്ത പ്രസിഡന്റ് ഡോ. ഡി. പ്രഭാകർ ഫെബ്രുവരി എട്ടിന് ഉച്ചയ്ക്ക് 12 മണിക്ക് സമ്മേളനം ഉദ്ഘാടനം ചെയ്യും.ഹാർട്ട് ഫെയിലർ വ്യക്തിക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ ചികിത്സാ സമീപനങ്ങളും വ്യത്യസ്തമാവും. അതിനാൽ 'വ്യക്തിഗത ഹൃദയ സ്തംഭന ചികിത്സ ' എന്ന പ്രമേയത്തിലാണ് സമ്മേളനം നടക്കുന്നതെന്ന് ഡോ. ജയഗോപാൽ പി.ബി. പറഞ്ഞു.

സങ്കീർണ്ണമായ കേസുകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ, വർക്ക്ഷോപ്പുകൾ, ബിരുദാനന്തര പരിശീലന സെഷനുകൾ എന്നിവയും സമ്മേളനത്തിൽ നടക്കുമെന്ന് ഡോ. ജയഗോപാൽ പി.ബി. പറഞ്ഞു.

മൂന്ന് ദിവസങ്ങളിലായി, രണ്ട് സമാന്തര വേദികളിലായി 35 സുപ്രധാന ശാസ്ത്ര സെഷനുകളും വർക്ക്ഷോപ്പുകളും നടക്കും. എ.ഐ. വഴിയുള്ള രോഗനിർണയം, ജീൻ തെറാപ്പി, സ്ത്രീകളിലും യുവാക്കളിലുമുണ്ടാവുന്ന ഹാർട്ട് ഫെയിലർ, ഹൃദയമാറ്റ ശസ്ത്രക്രിയയിലെ പുരോഗതികൾ, പൊണ്ണത്തടി മരുന്നുകൾ, ഹൃദയസ്തംഭന മാനേജ്മെന്റിൽ ഇമേജിംഗിന്റെ പങ്ക് തുടങ്ങിയവയാണ് പ്രധാന വിഷയങ്ങൾ.ഡോ. വൈ.എസ്. ചന്ദ്രശേഖർ (യുഎസ്എ), ഡോ. പ്രിയ ഉമാപതി (ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി), ഡോ. കോജി ഹസേഗാവ (ജപ്പാൻ), ഡോ. മൈക്കൽ ഫെൽക്കർ ജി. (യുഎസ്എ), ഡോ. ഗിയാൻലൂയിഗി സവാരീസ് (സ്വീഡൻ), ഡോ. സ്റ്റീഫൻ ഗ്രീൻ (യുഎസ്എ), ഡോ. ബ്രെൻഡ മൗറ (പോർച്ചുഗൽ), ലണ്ടൻ

കിംഗ്സ് കോളേജ് ഹോസ്പിറ്റൽ പ്രൊഫസർ ഡോ. തെരേസ മക്ഡൊണാ, ഡോ. അമീന രാകിഷേവ (കസാക്കിസ്ഥാൻ) തുടങ്ങിയവർ സെഷനുകൾ നയിക്കും.

# എയർ ഇന്ത്യയുമായി ചർച്ച നടത്തി സിയാൽ; ലണ്ടൻ സർവീസ് പുനരാരംഭിക്കും




**കൊച്ചി:** കേരളത്തിൽ നിന്നുള്ള ഏക യൂറോപ്യൻ സർവീസായ എയർ ഇന്ത്യ കൊച്ചി-ലണ്ടൻ വിമാനം മാസങ്ങൾക്കുള്ളിൽ പുനരാരംഭിച്ചേക്കും. മാർച്ച് 28 മുതൽ സർവീസ് നിർത്തിവയ്ക്കാനുള്ള എയർ ഇന്ത്യയുടെ അറിയിപ്പിനെത്തുടർന്ന് സിയാൽ അധികൃതർ ബുധനാഴ്ച എയർ ഇന്ത്യയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇതുസംബന്ധിച്ച ധാരണയായത്.

ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലാണ് കൊച്ചിയിൽ നിന്ന് ലണ്ടൻ ഗാറ്റ്വിക്കിലേക്ക് എയർ ഇന്ത്യ ഡ്രീം ലൈനർ വിമാനം നിലവിൽ സർവീസ് നടത്തുന്നത്. നിലവിലെ ശീതകാല ഷെഡ്യൂൾ അവസാനിക്കുന്നതോടെ, തിരക്കേറിയ ഈ സർവീസ്, മാർച്ച് 28 ന് നിർത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചിരുന്നു.

സംസ്ഥാന സർക്കാർ നിർദേശപ്രകാരം മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ബുധനാഴ്ച ഗുർഗാവിലെ ആസ്ഥാനത്ത് എയർ ഇന്ത്യ അധികൃതരുമായി ചർച്ച നടത്തി. എയർ ഇന്ത്യ ഗ്രൂപ്പ് ഹെഡ് പി.ബാലാജി, സിയാൽ എയർപോർട്ട് ഡയറക്ടർ മനു ജി. എന്നിവർ പങ്കെടുത്തു. എയർ ഇന്ത്യയുടെ ലണ്ടൻ വിമാന സർവീസ്, ലാഭകരമാക്കാനുള്ള പാക്കേജ്, ചർച്ചയിൽ സിയാൽ അവതരിപ്പിച്ചു. സർവീസ് മുടങ്ങാതിരിക്കാൻ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഏകദേശ ധാരണയായി. ഇക്കാര്യത്തിൽ സാങ്കേതിക അനുമതിയ്ക്ക് ശേഷം, മാസങ്ങൾക്കുള്ളിൽ സർവീസ് പുനരാരംഭിക്കാനാകുമെന്നും വിമാനങ്ങളുടെ ലഭ്യത അനുസരിച്ച് ഈ റൂട്ടിൽ സർവീസുകളുടെ എണ്ണം വർധിപ്പിക്കാനാകുമെന്നും എയർ ഇന്ത്യ അറിയിച്ചു.

## ഫാന്റ മാഗ്ത ക്യാംപയിനുമായി ഫാന്റ




**കൊച്ചി:** കൊക്കക്കോള ഇന്ത്യയിൽ നിന്നുള്ള ഫാന്റ തങ്ങളുടെ പുത്തൻ ക്യാംപയിൻ വിപണയിൽ അവതരിപ്പിച്ചു. കാർത്തിക് ആര്യൻ ബ്രാൻഡ് അംബാസിഡറായിട്ടുള്ള ഫാന്റ മാംഗ്ത എന്ന ഈ ക്യാംപയിനാണ് അവതരിപ്പിച്ചത്.യുവാക്കളിൽ ഹരം നിറയ്ക്കുന്ന ഈ ക്യാംപയിനിൽ കാർത്തിക് ആര്യന്റെ സാന്നിധ്യവും 80കളിലെ സംഗീതവും ഒരുമിക്കുമ്പോൾ ഒരു പുതിയ നൊസ്റ്റാൾജിക് ട്രെൻഡായി മാറുകയാണിത്. കൊക്കക്കോള ഇന്ത്യ സൗത്ത് വെസ്റ്റ് ഏഷ്യ സ്പാർക്ക്ളിംഗ് ഫ്ളേവേഴ്സ് ഡയറക്ടർ സുമേലി ചാറ്റർജി പറഞ്ഞു.ഫാന്റ ഏവർക്കും സന്തോഷകരമായ നിമിഷങ്ങൾ സമ്മാനിക്കുന്നു. ഇവയെല്ലാം ഒരുമിച്ച് ചേർക്കുകയാണ് ഈ പരസ്യചിത്രത്തിലെന്നും സ്റ്റുഡിയോ എക്സ് ഐഎൻഎസ്എഡ്യുഎ മേധാവിയും വിഎംഎൽ ഇന്ത്യ ചീഫ് ക്രിയേറ്റീവ് ഓഫീസറുമായ മുകുന്ദ് ഓലെറ്റി പറഞ്ഞു. ഓരോ നിമിഷവും സന്തോഷകരവും ഊർജം നിറഞ്ഞതുമാക്കുന്നതാണ് ഫാന്റ. ഫാന്റ മാഗ്ത ക്യാംപയിനിന്റെ ഭാഗമാകുവാൻ സാധിച്ചത് ഏറെ ആനന്ദം നിറഞ്ഞ അനുഭവമായിരുന്നു. രണ്ടാമതൊരാലോചനയില്ലാതെ ജീവിതത്തിൽ നാം ആഗ്രഹിക്കുന്നതിന് പുറകേ ചെല്ലുക, ജീവിതം ആസ്വദിക്കുക എന്നതാണ് ഫാന്റ വ്യക്തമാക്കുന്നത്, കാർത്തിക് ആര്യൻ പറഞ്ഞു.

# വെളിച്ചെണ്ണ വിപണിയിൽ വ്യാജന്മാർ വിലസുന്നു: കേര ഫെഡ് ചെയർമാൻ



**തിരുവനന്തപുരം:** കേരഫെഡ് 'കേര' വെളിച്ചെണ്ണയോട് സാമ്യമുള്ള മായം കലർന്ന വ്യാജ വെളിച്ചെണ്ണ വ്യാപകമായി വിപണിയിലെത്തുന്നതായി കേരഫെഡ് ചെയർമാൻ വി. ചാമുണ്ണി പത്രസമ്മേളനത്തിൽ അറിയിച്ചു.

മറ്റു സംസ്ഥാനങ്ങളിൽനിന്നു കേരയോട് സാമ്യമുള്ള 62 ബ്രാൻഡ് വെളിച്ചെണ്ണയാണ് വിപണിയിലെത്തുന്നത്. കൊപ്ര വില വർധനയ്ക്ക് അനുസൃതമായി വെളിച്ചെണ്ണയുടെ വില വർധിപ്പിക്കേണ്ട സാഹചര്യത്തിലും വ്യാജ വെളിച്ചെണ്ണ വില്പനക്കാർ 200 മുതൽ 220 രൂപ വരെ മാത്രം വിലയിട്ടാണു വില്പന നടത്തുന്നത്. ഈ കാരണത്താൽ കേരയ്ക്ക് വിപണിയിൽ 10 ശതമാനം നഷ്ടമുണ്ടാകുന്നതായും അദ്ദേഹം പറഞ്ഞു.

നിലവാരമില്ലാത്ത വെളിച്ചെണ്ണ ആരോഗ്യത്തിന് അപകടകരമാണ്. ഇത് യാഥാർഥ ബ്രാൻഡുകളിലുള്ള ഉപഭോക്തൃ വിശ്വാസത്തെ ദുർബലപ്പെടുത്തുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇതിനെതിരേ കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കേരഫെഡ് വൈസ് ചെയർമാൻ കെ. ശ്രീധരൻ, മാനേജിംഗ് ഡയറക്ടർ സാജു സുരേന്ദ്രൻ, മാർക്കറ്റിംഗ് മാനേജർ അരവിന്ദ് ആർ, അസിസ്റ്റൻറ് മാനേജർ രതീഷ് ജി ആർ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

## സംരംഭകത്വ ശാക്തീകരണം: സൗത്ത് ഇന്ത്യൻ ബാങ്ക് ബിസിനസ്, കോർപറേറ്റ് സ്റ്റാർട്ടപ്പ് കറണ്ട് അക്കൗണ്ടുകൾ അവതരിപ്പിച്ചു

**കൊച്ചി:** സംരംഭകരെ ബാങ്കിങ് പിന്തുണ നൽകി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സൗത്ത് ഇന്ത്യൻ ബാങ്ക് ബിസിനസ്, കോർപറേറ്റ് സ്റ്റാർട്ടപ്പ് കറണ്ട് അക്കൗണ്ടുകൾ അവതരിപ്പിച്ചു. കൊച്ചി എസ് ഐ ബി ടവറിൽ നടന്ന ചടങ്ങിൽ സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രിയും ഇൻഫോപാർക്ക് കേരള സിഇഒ സുശാന്ത് കുരുന്തിലും ചേർന്ന് അക്കൗണ്ട് അവതരിപ്പിച്ചു. സംരംഭം തുടങ്ങാനും വിപുലപ്പെടുത്താനും ആളുകളെ ശാക്തീകരിക്കുകയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ലക്ഷ്യമിടുന്നതെന്ന് എംഡിയും സിഇഒയുമായ പി ആർ ശേഷാദ്രി പറഞ്ഞു. സംരംഭം തുടങ്ങി മൂന്ന് വർഷത്തിനുള്ളിൽ ഈ അക്കൗണ്ടുകൾ തുടങ്ങാം. സംരംഭങ്ങൾക്ക് മികച്ച അടിത്തറ രൂപപ്പെടുത്തുന്നതിന് ആവിശ്യമായ ബാങ്കിങ് സേവനങ്ങൾ നൽകുകയാണ് സ്റ്റാർട്ടപ്പ് കറണ്ട് അക്കൗണ്ടുകൾ വഴി ചെയ്യുന്നത്. പ്രൈവറ്റ് പബ്ലിക് ലിമിറ്റഡ് കമ്പനികൾ, ഏകാംഗ കമ്പനികൾ, ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപുകൾ എന്നിങ്ങനെയുള്ള കമ്പനികൾ നേരിടുന്ന ബാങ്കിങ് ആവിശ്യങ്ങൾക്ക് കോർപറേറ്റ് സ്റ്റാർട്ടപ്പ് കറണ്ട് അക്കൗണ്ടുകൾ വഴി പരിഹാരം കാണാം. സംരംഭകർക്ക് തീർത്തും ഉപകാരപ്രദമാകുന്ന വിധത്തിലാണ് അക്കൗണ്ടുകൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇത്തരം അക്കൗണ്ടുകൾക്ക് മൂന്ന് വർഷംവരെ മിനിമം ബാലൻസിന്റെ ആവിശ്യമില്ല. ഓൺലൈൻ ഇടപാടുകൾ പരിധിയില്ലാതെ നടത്താം. എയർപോർട്ട് ലോഞ്ച് ആക്സസ് ഉൾപ്പടെയുള്ള പ്രീമിയം ഡെബിറ്റ് കാർഡും ലഭിക്കും.

ഒരു ബാങ്കെന്ന നിലയിൽ, സംരംഭകർ നേരിടുന്ന ബാങ്കിങ് ആവിശ്യങ്ങളും വെല്ലുവിളികളും എന്തൊക്കെയാണെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ബിസിനസ്, കോർപറേറ്റ് സ്റ്റാർട്ടപ്പ് കറണ്ട് അക്കൗണ്ടുകൾ അവതരിപ്പിക്കുന്നത്. മൂന്ന് വർഷംവരെ മിനിമം ബാലൻസ് ഒഴിവാക്കിയും പരിധിയില്ലാത്ത ഡിജിറ്റൽ ഇടപാടുകൾ അനുവദിച്ചും സ്റ്റാർട്ടപ്പുകളെ വളർച്ചയിലേക്ക് നയിക്കുന്ന, തടസമില്ലാത്ത ബാങ്കിങ് സേവനം നൽകുകയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ചെയ്യുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## മുത്തൂറ്റ് ഫിൻകോർപ്പ് എൻസിഡിയിലൂടെ 400 കോടി രൂപ സമാഹരിക്കും

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൻറെ പതാക വാഹക കമ്പനിയായ മുത്തൂറ്റ് ഫിൻകോർപ്പിന്റെ സെക്യൂർഡ് ആൻഡ് റെഡീമബിൾ നോൺ കൺവെർട്ടബിൾ ഡിബഞ്ചറുകളുടെ (എൻസിഡി) ട്രാഞ്ച് നാല് സീരിസിലൂടെ 400 കോടി രൂപ സമാഹരിക്കും.

1000 രൂപ മുഖവിലയുള്ള എൻസിഡി ഫെബ്രുവരി നാല് മുതൽ ലഭ്യമാണ്. കമ്പനിയുടെ നിലവിലുള്ള കടങ്ങളുടെ മുതലും പലിശയും തിരിച്ചടവ്, പൊതുവായ കോർപറേറ്റ് ആവശ്യങ്ങൾ തുടങ്ങിയവയ്ക്കായിരിക്കും സമാഹരിക്കുന്ന തുക വിനിയോഗിക്കുകയെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.ആകെയുള്ള 2000 കോടി രൂപയുടെ എൻസിഡി പരിധിയിൽ 400 കോടി രൂപയാണ് എൻസിഡിയിലൂടെ സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്. 100 കോടി രൂപയാണ് ഇപ്പോഴത്തെ അടിസ്ഥാന എൻസിഡി വിതരണം. ഇതിനു പുറമെ അധികമായി സമാഹരിക്കുന്ന 300 കോടി രൂപ കൈവശം വെക്കാനുള്ള അവകാശവും കൂടിയുണ്ട്. 18, 24, 36, 60, 72, മാസങ്ങളുടെ കാലാവധിയുള്ള എൻസിഡികളാണ് ലഭ്യമായിട്ടുള്ളത്. ഇവയുടെ വരുമാനം പ്രതിമാസ, വാർഷിക രീതികളിലോ കാലാവധി എത്തുമ്പോൾ ഒരുമിച്ച് നൽകുന്ന രീതിയിലോ തെരഞ്ഞെടുക്കാം. 9.38 ശതമാനം മുതൽ 10.10 ശതമാനം വരെയായിരിക്കും എൻസിഡി ഉടമകൾക്ക് വിവിധ വിഭാഗങ്ങളിലായി ലഭിക്കുന്ന വരുമാനം. 2025 ഫെബ്രുവരി 17 വരെയായിരിക്കും പൊതുജനങ്ങൾക്ക് ഈ എൻസിഡി ലഭ്യമാകുക.

സെബിയുടെ 33എ റെഗുലേഷന് കീഴിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡയറക്ടർ ബോർഡിൻറേയോ സ്റ്റോക്ക് അലോട്ട്മെൻറ് കമ്മിറ്റിയുടേയോ അംഗീകാരത്തിനു വിധേയമായി നേരത്തെ തന്നെ എൻസിഡി വിതരണം അവസാനിപ്പിക്കാനും സാധിക്കും. സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്റ്റേഡ് സ്റ്റോക്ക് ബ്രോക്കർമാർ, ഇഷ്യു രജിസ്ട്രാർ, ട്രാൻസ്ഫർ ഏജൻറ്, ഡെപ്പോസിറ്ററി പാർട്ടിസിപ്പൻറുമാർ തുടങ്ങിയ ഇടനിലക്കാർ വഴി അപേക്ഷിക്കുന്ന 5 ലക്ഷം രൂപ വരെ അപേക്ഷാ തുകയുള്ള വ്യക്തിഗത നിക്ഷേപകർ ഫണ്ട് ബ്ലോക്ക് ചെയ്യാനായി യുപിഐ മാത്രം ഉപയോഗിക്കണം. യുപിഐ ഐഡിയുമായി ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകുകയും വേണം. ഇതേ സമയം മറ്റു സംവിധാനങ്ങളിലൂടെ അപേക്ഷ സമർപ്പിക്കാനും വ്യക്തിഗത നിക്ഷേപകർക്ക് അവസരമുണ്ടാകും. മുത്തൂറ്റ് ഫിൻകോർപ്പ് വൺ ആപ്പിൻറെ ഉപഭോക്താക്കൾക്ക് എവിടേയും എപ്പോഴും അപേക്ഷ സമർപ്പിക്കാം. മുത്തൂറ്റ് ഫിൻകോർപ്പിൻറെ 3700ൽ പരം ശാഖകൾ വഴിയും അപേക്ഷ നൽകാം. ഇതിനു പുറമെ ഉപഭോക്താക്കൾക്ക് തങ്ങളുടെ എൻസിഡി മോഡ്യൂളിലുള്ള യുപിഐ അധിഷ്ഠിത നിക്ഷേപ സൗകര്യങ്ങളും ഉപയോഗിക്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

# കാൻസർ ഗവേഷണ പരിചരണ സംരംഭം: പിന്തുണയുമായി ആക്സിസ് ബാങ്ക്

**കൊച്ചി:** ലോക കാൻസർ ദിനത്തിൽ ഇന്ത്യയിലെ കാൻസർ ഗവേഷണത്തിനും രോഗി പരിചരണ സംരംഭങ്ങൾക്കും പിന്തുണയുമായി ആക്സിസ് ബാങ്ക്. ബാങ്കിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രശസ്ത കാൻസർ സ്ഥാപനങ്ങളായ ടാറ്റ മെമ്മോറിയൽ സെന്ററിന് കീഴിലുള്ള നാഷണൽ കാൻസർ ഗ്രിഡ് (എൻസിജി), ദി ഇന്ത്യൻ കാൻസർ സൊസൈറ്റി (ഐസിഎസ്), സെന്റ് ജൂഡ് ഇന്ത്യ ചൈൽഡ് കെയർ സെന്ററുകൾ എന്നിവയുമായി സഹകരണം പ്രഖ്യാപിച്ചു. ഓങ്കോളജിയിൽ ഇന്ത്യയുടെ ഡിജിറ്റൽ കഴിവുകൾ വികസിപ്പിക്കുന്നതിനും, കാൻസർ പരിചരണത്തിനും, രോഗനിർണയത്തെയും ചികിത്സയെയും കുറിച്ചുള്ള അവബോധം വളർത്തുന്നതിനും, കാൻസർ ഗവേഷണവും നവീകരണവും മുന്നോട്ട് കൊണ്ടുപോകുന്നതിനും ബാങ്ക് സഹായിക്കും.ഗ്ലോബൽ കാൻസർ ഒബ്സർവേറ്ററി (ഗ്ലോബോകാൻ) പ്രകാരം 2040 ആകുമ്പോഴേക്കും ഇന്ത്യയിൽ കാൻസർ കേസുകൾ ഗണ്യമായി വർദ്ധിച്ച് 2.08 ദശലക്ഷത്തിലെത്തുമെന്നും ഇത് 2020 മുതൽ 57.5 ശതമാനം വർദ്ധിക്കുമെന്നും കണക്കാക്കുന്നു.രാജ്യത്തിന്റെ കാൻസർ ഗവേഷണം, ചികിത്സ, രോഗി പരിചരണം എന്നിവയിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രധാന സ്ഥാപനങ്ങളുമായുള്ള ആക്സിസ് ബാങ്കിന്റെ പങ്കാളിത്തം ആരോഗ്യ സംരക്ഷണ മേഖലയിൽ ദീർഘകാല കഴിവുകൾ വളർത്തിയെടുക്കുക എന്ന ബാങ്കിന്റെ കാഴ്ചപ്പാടുമായി യോജിക്കുന്നുവെന്ന് ആക്സിസ് ബാങ്ക് സ്ട്രാറ്റജിക് പ്രോഗ്രാംസ് ആന്‍ഡ് സസ്റ്റൈനബിലിറ്റി ഗ്രൂപ്പ് എക്സിക്യൂട്ടീവ് വിജയ് മുൽബാഗൽ പറഞ്ഞു. ടാറ്റ മെമ്മോറിയൽ സെന്ററിന്റെ ഭാഗമായ നാഷണൽ കാൻസർ ഗ്രിഡുമായുള്ള(എൻസിജി) ദീർഘകാല പങ്കാളിത്തത്തിലൂടെ ദേശീയ ടെലി കൺസൾട്ടേഷൻ പ്ലാറ്റ് ഫോം, ട്യൂമർ ബയോബാങ്ക്, ഓങ്കോളജി ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡുകളുടെ ഡിജിറ്റലൈസേഷൻ, ആരോഗ്യ സംരക്ഷണ പ്രൊഫഷണലുകളെ പരിശീലിപ്പിക്കുന്നതിനായി വിർചൽ സ്കില്സ് ലാബ് തുടങ്ങിയ സംരംഭങ്ങളെ ബാങ്ക് സഹായിക്കും. എൻസിജി യുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന ഇന്ത്യയിലുടനീളമുള്ള 300ൽ അധികം ആശുപത്രികൾക്ക് കൂടാതെ രാജ്യത്ത മൊത്തത്തിലുള്ള ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കും പ്രയോജനം ചെയ്യുക എന്നതാണ് ഈ സംരംഭങ്ങളുടെ ലക്ഷ്യം.

## റോബോട്ടിക് ഇന്നവേഷൻ സമ്മിറ്റിന് മെറിൽ ആതിഥേയത്വം വഹിച്ചു

**കൊച്ചി:** വാപിയിലെ മെറിൽ അക്കാദമിയിൽ റോബോട്ട് സഹായത്തോടെയുള്ള ശസ്ത്രക്രിയാ മേഖലയിലെ നേട്ടങ്ങളും പുരോഗതിയും ചർച്ച ചെയ്യാൻ ലക്ഷ്യമിട്ട് റോബോട്ടിക് ഇന്നവേഷൻ സമ്മിറ്റ് (ആർഐഎസ്) നടന്നു. ആഗോളദേശീയ തലങ്ങളിലുള്ള പ്രശസ്ത ശസ്ത്രക്രിയാ വിദഗ്ധർ പങ്കെടുത്ത ഉച്ചകോടിയിൽ മെറിലിന്റെ നിർമ്മിത ബുദ്ധി പവർ ജോയിന്റ് റീപ്ലേസ്മെന്റ് റോബോട്ടിക് സംവിധാനമായ മിസോ പ്രദർശിപ്പിച്ചു. 2024 ജൂണിൽ രൂപംനൽകിയ റോബോട്ട് മിസോ ഇന്ത്യയിലുടനീളമുള്ള 50 ലധികം കേന്ദ്രങ്ങളിൽ ഇതിനകം ഇൻസ്റ്റോൾ ചെയ്തു.മിസോയ്ക്ക് പുറമേ, യൂണികാൽമുട്ട് മാറ്റിവയ്ക്കൽ, പൂർണമായ ഹിപ് മാറ്റിവയ്ക്കൽ, നട്ടെല്ല് ശസ്ത്രക്രിയ തുടങ്ങി മെറിലിന്റെ ഗ




വേഷണവികസന പദ്ധതികൾ ഉച്ചകോടിയുടെ ഭാഗമായി അവതരിപ്പിക്കപ്പെട്ടു. നാല് ദശലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ അത്യാധുനിക സൗകര്യങ്ങളോടെയാണ് മെറിൽ അക്കാദമി പ്രവർത്തിക്കുന്നത്. കാർഡിയോവാസ്കുലാർ, ഓർത്തോപീഡിക്സ്, റോബോട്ടിക്സ്, ഡയഗ്നോസ്റ്റിക്സ്, കാർഡിയാക് സർജറി, എൻഡോസർജറി, പെരിഫറൽ ഇന്റർവെൻഷൻ, ഇഎൻടി, ഗവേഷണവും വികസനവും, പരിശീലനം എന്നിവയ്ക്കായുള്ള പ്രവർത്തനത്തിൽ മെറിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.ആരോഗ്യപരിപാലന രംഗത്തെ നവീകരണത്തിന്റെ മുൻനിരയിൽ നിൽക്കാൻ മെറിൽ എല്ലായ്പ്പോഴും പരിശ്രമിച്ചിട്ടുള്ളതായി മെറിൽ ചീഫ് മാർക്കറ്റിംഗ് ഓഫീസർ മനീഷ് ദേശ്മുഖ് പറഞ്ഞു. മിസോ ഒരു സാങ്കേതിക മുന്നേറ്റത്തെ മാത്രമല്ല പ്രതിനിധീകരിക്കുന്നത്, മറിച്ച് ഇന്ത്യയിലെ ശസ്ത്രക്രിയാ പരിചരണത്തെ പരിവർത്തനം ചെയ്യുന്നതിനുള്ള മെറിലിന്റെ പ്രതിബദ്ധതയെയും പ്രതിനിധീകരിക്കുതായും അദ്ദേഹം പറഞ്ഞു.

## ചെമ്മീൻ ഗുണശോഷണത്തിന്റെ മൂല്യനിർണയം: സിഫ്റ്റിൽ പരിശീലനം ആരംഭിച്ചു

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിൽ ചെമ്മീൻ ഗുണശോഷണത്തിന്റെ മൂല്യനിർണയം സംബന്ധിച്ച വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി ആരംഭിച്ചു. എഫ്.ഡി.എ (ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ) പ്രോട്ടോക്കോൾ അനുസരിച്ച് ചെമ്മീനിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള ഇന്ദ്രീയധിഷ്ഠിത മൂല്യനിർണയത്തിൽആവശ്യമായ സീഫുഡ് സംസ്കരണ വ്യവസായ പ്രൊഫഷണലുകളെ സജ്ജരാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. പരിശീലനത്തിന്റെ ഉദ്ഘാടനം സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ സെക്രട്ടറി ജനറൽ, ഡോ.കെ.എൻ. രാഘവൻ, ഐആർഎസ് നിർവഹിച്ചു. സമുദ്രോത്പന്ന ഗുണനിലവാരം നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും കഴിഞ്ഞ കാലങ്ങളിൽ സമുദ്രോത്പന്ന വ്യവസായം ഗണ്യമായി വളർന്ന് 8 ബില്യൺ ഡോളറിലെത്തുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹം ഉദ്ഘാടന ചടങ്ങിൽ പറഞ്ഞു. ഐ സി എ ർ സിഫ്ട് ഡയറക്ടർ



ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അധ്യക്ഷനായി.

സിഫ്ടിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ. എ എ സൈനുദ്ധീൻ, സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ. ലാലി എസ്.ജെ., ഡോ. പ്രിയ ഇ.ആർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. ഇന്ത്യയിലെ വിവിധ സമുദ്രോത്പന്ന കയറ്റുമതി യൂണിറ്റുകളിൽ നിന്നുള്ള 11 പേർ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. ഉപഭോക്തൃ സുരക്ഷയും കയറ്റുമതി മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഒരു പ്രധാന നിയന്ത്രണ മാർഗ്ഗമായും ഇന്ദ്രീയധിഷ്ഠിത മൂല്യനിർണയത്തെ വ്യാഖ്യാനിക്കാൻ പരിശീലനത്തിലൂടെ സാധിക്കും.

# വനിതാ സംരംഭകത്വം വർദ്ധിപ്പിക്കൽ: ആമസോൺ ഇന്ത്യ എആർജിഎയുമായി ധാരണപത്രം ഒപ്പുവെച്ചു

**കൊച്ചി:** ഗോണ്ട ജില്ലയിലും സമീപ പ്രദേശങ്ങളിലുമുള്ള വനിതാ സംരംഭകരെ ഇകൊമേഴ്സ് പ്രയോജനപ്പെടുത്താനും അവരുടെ ബിസിനസ്സ് കെട്ടിപ്പടുക്കാനും സഹായിക്കുന്നതിനായി ഉത്തർപ്രദേശ് സർക്കാരിൻറെ സംരംഭമായ എആർജിഎയുമായി ആമസോൺ ഇന്ത്യ ധാരണാപത്രം ഒപ്പുവച്ചു.

പാർവതി അർഗ പക്ഷി സങ്കേതത്തിൽ ലോക തണ്ണീർത്തട ദിനം ആഘോഷിക്കുന്നവേളയിലാണ് സഹകരണം പ്രഖ്യാപിച്ചത്. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കേന്ദ്ര പരിസ്ഥിതി, വനവകുപ്പ്, കാലാവസ്ഥാ വ്യതിയാനം, വിദേശകാര്യ വകുപ്പ് സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ്, പരിസ്ഥിതി, വനവകുപ്പ്, കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രി ഭൂപേന്ദ്ര യാദവ്, ഉത്തർപ്രദേശ് സർക്കാരിലെ വനം, പരിസ്ഥിതി, സുവോളജിക്കൽ ഗാർഡൻ, കാലാവസ്ഥാ വ്യതിയാനം സ്വതന്ത്ര ചുമതലയുള്ള മന്ത്രി അരുൺകുമാർ സക്സേന, ഉത്തർപ്രദേശ് സർക്കാരിലെ വനം, പരിസ്ഥിതി, സുവോളജിക്കൽ ഗാർഡൻ, കാലാവസ്ഥാ വ്യതിയാനം സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രി കൃഷൻ പാൽ മാലിക്ക് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.ധാരണാപത്രത്തിൻറെ ഭാഗമായി ആമസോൺ സഹേലി പ്രോഗ്രാമിലൂടെ എആർജിഎയുമായി ബന്ധപ്പെട്ട സ്ത്രീകൾ നയിക്കുന്ന ബിസിനസുകളെ പിന്തുണയ്ക്കും. ഡിജിറ്റൽ, പെർഫോമൻസ് മാർക്കറ്റിംഗ്, ഉൽപ്പന്ന ലിസ്റ്റിംഗ് ഒപ്റ്റിമൈസേഷൻ, പരസ്യ രീതികൾ എന്നിവയിൽ പരിശീലനം നൽകുന്നത് ഇതിൽ ഉൾപ്പെടുന്നു. ഉപഭോക്തൃ പ്രതീക്ഷകളും വിപണി അവസരങ്ങളും നന്നായി മനസ്സിലാക്കുന്നതിന് മേഖലയിലെ വനിതാ സംരംഭകർക്ക് ഡാറ്റാധിഷ്ഠിത സ്ഥിതിവിവരക്കണക്കുകളും മെട്രിക്സുകളും ലഭ്യമാക്കും. അച്ചാർ, ജാം, മാവ്, നമ്കീൻ, കടലമാവ്, നൂഡിൽസ് എന്നിവയടക്കം വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ആമസോണിൽ ലിസ്റ്റുചെയ്യാൻ എആർജിഎയുടെ ഈ സഹകരണം വഴി സാധിക്കും.

പ്രധാനമന്ത്രിയുടെ ആത്മനിർഭർ ഭാരത് എന്ന ആശയം മുന്നോട്ട് കൊണ്ടുപോകുന്നതിലും വോക്കൽ ഫോർ ലോക്കൽ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിലും ഇതുപോലുള്ള സംരംഭങ്ങൾ നിർണായക പങ്ക് വഹിക്കുന്നുവെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു.സ്ത്രീ സംരംഭകരെ ശാക്തീകരിക്കുന്നതിനുള്ള സർക്കാർ സംരംഭങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള ആമസോണിൻറെ പ്രതിബദ്ധതയാണ് എആർജിഎയുമായുള്ള സഹകരണം കാണിക്കുന്നതെന്ന് ആമസോൺ ഡയറക്ടർസെയിൽസ് ഗൗരവ് ഭട്നാഗർ പറഞ്ഞു.

# മഹാകുംഭമേള: ഭക്തർക്കായി നമ്പർ രക്ഷക് അവതരിപ്പിച്ച് വി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടെലികോം ഓപ്പറേറ്ററായ വി മഹാകുംഭമേളയിൽ ആളുകൾ കൂട്ടം തെറ്റിപ്പോകാതിരിക്കാനും നക്ഷപെട്ടുപോകാതിരിക്കാനുമായി വി നമ്പർ രക്ഷക് അവതരിപ്പിച്ചു. സ്വാമി രാമാനന്ദ ആചാര്യ ശിബിര അഖാഡയ്ക്ക് സമീപമുള്ള പ്രധാന പ്രദേശത്ത് വി നമ്പർ രക്ഷക് ബൂത്ത് സ്ഥാപിച്ചിട്ടുണ്ട്. ഈ ബൂത്തിൽ തീർഥാടകർക്ക് അവരുടെ കുടുംബാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ വ്യക്തിഗത അടിയന്തിര നമ്പറുകൾ കൊത്തിവച്ച പവിത്രമായ രുദ്രാക്ഷ തുളസി മണികൾ കൊണ്ട് നിർമ്മിച്ച മാലകൾ സൗജന്യമായി നൽകും.



ഇത് തീർഥാടകർക്ക് മൊബൈൽ ഫോണുകളിലോ ഇൻറർനെറ്റ് കണക്റ്റിവിറ്റിയിലോ ആശ്രയിക്കാതെ വീണ്ടും ബന്ധപ്പെടാൻ വിശ്വസനീയമായ മാർഗമായിരിക്കുമെന്ന് വിയുടെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ അവനീഷ് ഖോസ്ല പറഞ്ഞു.

മഹാകുംഭ മേളയിൽ എത്തുന്ന വി ഉപയോക്താക്കൾക്ക് തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് വി ത്രിവേണി സംഗമത്തിൽ 30 പുതിയ സൈറ്റുകളും സമീപ പ്രദേശങ്ങളിലെ പ്രധാന സ്ഥലങ്ങളെല്ലാം ഉൾക്കൊള്ളുന്ന 40 മാക്രോയും ഉയർന്ന ശക്തിയുള്ള ചെറിയ സെല്ലുകളും ചേർത്ത് നെറ്റ്‌വർക്ക് ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനുപുറമെ തിരക്കേറിയ പ്രദേശങ്ങളിൽ ലാസ്റ് മൈൽ കണക്റ്റിവിറ്റി നൽകുന്നതിന് ബാക്ക്ഹോൾ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിന് 32 കിലോമീറ്റർ ഫൈബർ വിന്യസിച്ചിട്ടുണ്ട്. ഇത് ഉപയോക്താക്കൾക്ക് മികച്ച വോയ്സ് കോളുകൾ, തടസ്സമില്ലാത്ത വീഡിയോ സ്ട്രീമിംഗ്, ഉയർന്ന വേഗതയിലുള്ള ഡാറ്റാ ട്രാൻസ്ഫർ എന്നിവ ലഭ്യമാക്കുന്നു.

# സ്റ്റാർട്ട്അപ്പുകളെ പിന്തുണയ്ക്കാൻ എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി :** ഇന്ത്യയിലെ പ്രമുഖ സ്വകാര്യ മേഖലാ ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക്, തങ്ങളുടെ പതാകവാഹക പരിവർത്തൻ സ്റ്റാർട്ട്അപ്പ് ഗ്രാന്റ്റ്സ് പ്രോഗ്രാമിന്റെ എട്ടാം പതിപ്പ് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു.

ഈ വർഷം, 15 ലധികം ഇൻകുബേറ്ററുകളെയും ആക്സിലറേറ്ററുകളെയും തിരഞ്ഞെടുത്ത് സാമൂഹിക സ്വാധീന മേഖലയിൽ പ്രവർത്തിക്കുന്ന 50 മുതൽ 60 വരെ സ്റ്റാർട്ട്അപ്പുകളെ പിന്തുണയ്ക്കുന്നതിനായി ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ പദ്ധതിയനുസരിച്ച്, തിരഞ്ഞെടുത്ത സ്റ്റാർട്ട്അ പ്പുകൾക്ക് 50 ലക്ഷം രൂപ വരെ ഗ്രാന്റുകൾ നൽകും.

ആകെ 20 കോടി രൂപയാണ് ബജറ്റ്




# ക്രാഫ്റ്റിംഗ് ഫ്യൂച്ചേഴ്സ് സംരംഭത്തിന് തുടക്കം കുറിച്ച് കല്യാൺ ജൂവലേഴ്സ്

**കൊച്ചി:** കല്യാൺ ജൂവലേഴ്സ് പുതിയ സിഎസ്ആർ സംരംഭമായ ക്രാഫ്റ്റിംഗ് ഫ്യൂച്ചേഴ്സ് ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. ആഭരണ കരകൗശല വിദഗ്ധരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുന്നതിനും അവരുടെ കരകൗശല വൈദഗ്ദ്ധ്യം സംരക്ഷിക്കുന്നതിനും സമൂഹ വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

കല്യാൺ ജൂവലേഴ്സിൻറെ ഹൃദയപൂർവ്വം എന്ന ബ്രാൻഡ് ഫിലോസഫിയുടെ ഭാഗമാണ് ക്രാഫ്റ്റിംഗ് ഫ്യൂച്ചേഴ്സ്. ഈ സംരംഭത്തിന് തുടക്കമിടുന്നതിനായി കല്യാൺ ജൂവലേഴ്സ് 3 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. തുടക്കം മുതൽ തന്നെ പ്രത്യക്ഷവും ശാശ്വതവുമായ ഫലം ഉറപ്പാക്കിക്കൊണ്ടാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ക്രാഫ്റ്റിംഗ് ഫ്യൂച്ചേഴ്സ് എന്നത് ഒരു തുടർച്ചയായ ശ്രമവും ദീർഘകാല പ്രവർത്തന പദ്ധതിയുമാണ്. ഇത് വരും വർഷങ്ങളിൽ വികസിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യും.ആഭരണങ്ങൾ എന്നത് സ്വർണ്ണവും രത്നക്കല്ലുകളും മാത്രമല്ലെന്നും ഓരോ ആഭരണത്തിനും ജീവൻ നൽകുന്ന കരകൗശല വിദഗ്ധരുടെ ആത്മാവും കലാവൈഭവവും കൂടി അത് ഉൾക്കൊള്ളുന്നുണ്ടെന്നും കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു. അവരുടെ കരകൗശല വൈദഗ്ദ്ധ്യം പരിപോഷിപ്പിക്കുകയും കൈമാറ്റംചെയ്യുകയും ചെയ്യേണ്ട സജീവമായ ഒരു പാരമ്പര്യമാണ്. ക്രാഫ്റ്റിംഗ് ഫ്യൂച്ചേഴ്സ് സംരംഭത്തിലൂടെ പരമ്പരാഗത കരകൗശല വൈദഗ്ധ്യം ആധുനിക മുന്നേറ്റങ്ങൾക്കൊപ്പം വികസിക്കുന്നുവെന്ന് ഉറപ്പാക്കുകയാണ്. തലമുറകളായി ആഭരണ വ്യവസായത്തിൻറെ പാരമ്പര്യം ഉയർത്തിപ്പിടിച്ച കരകൗശല വിദഗ്ധർക്കായുള്ള കല്യാൺ ജൂവലേഴ്സിൻറെ സമർപ്പണമാണ് ഈ പദ്ധതി. ഓരോ കരകൗശല വിദഗ്ധനെയും അംഗീകരിക്കുകയും ശാക്തീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഈ ദൗത്യത്തിൽ ഞങ്ങളോടൊപ്പം ഞങ്ങളുടെ പങ്കാളികളും ചേരുന്നുണ്ടന്നും അദ്ദേഹം പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com